## തൃശ്ശൂർ ജില്ലയിലെ എൽ.ഡി.സി.മാരുടെ റാങ്ക് ലിസ്റ്റ്

**29 (3767)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ വിവിധ വകുപ്പുകൾക്കുള്ള എൽ.ഡി.സി.മാരുടെ പി.എസ്.സി. റാങ്ക്‌ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതെന്നാണ് ;

(ബി) ഈ ലിസ്റ്റിൽ നിന്നും നിയമന നടപടികൾ തടസ്സപ്പെട്ടിരിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) റാങ്ക്‌ലിസ്റ്റിൽ നിന്നുള്ള നിയമന നടപടികൾ ത്വരിതപ്പെടുത്തുവാൻ സർക്കാരിന് നിർദ്ദേശം നൽകുന്ന കോടതിവിധിക്കെതിരെ സർക്കാർ സ്റ്റേ സമ്പാദിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(എഫ്) പ്രസ്തുത റാങ്ക്‌ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾക്കുള്ള തടസ്സം നീക്കം ചെയ്ത് നിലവിലുള്ള ഒഴിവുകൾ പൂർണ്ണമായി നികത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2-5-2000-ൽ ഈ റാങ്ക് ലിസ്റ്റ് നിലവിൽ വന്നു. ഇതിന്റെ കാലാവധി 5-8-2003 വരെ നീട്ടിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി-ഇ) തൃശ്ശൂർ ജില്ലയിലെ എൽ.ഡി.സി. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന ഒ.പി.നം.1557/03-ലെ ഹൈക്കോടതി വിധിക്കെതിരെ സർക്കാർ നൽകിയ റിട്ട് അപ്പീലിൽ (നമ്പർ 223/2003) സ്റ്റേ ലഭിച്ചിട്ടുണ്ട്.

(എഫ്) അധിക തസ്തികകളുടെ പുനർവിന്യാസം പൂർത്തിയാകുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

## തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. ഒഴിവുകൾ

**30 (3768)** ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം ജില്ലയിൽ വിവിധ വകുപ്പുകളിലായി എൽ.ഡി.സി. തസ്തികയിൽ എത്ര താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വിശദീകരിക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.



LIBRARY ARCHIVES Kerala Legislative Assembly